

## ഫ്ളഷ് ചെയ്യുമ്പോൾ

ഫ്ളഷ് ചെയ്യുമ്പോൾ 10-13 ലിറ്റർ വെള്ളമാണ് നഷ്ടമാവുന്നത്. നിയന്ത്രിതമായി ഫ്ളഷ് ഉപയോഗിച്ചാൽ ശരാശരി അഞ്ച് ലിറ്റർ വെള്ളം മതിയാകും.

## ജലസ്രോതസ്സുകൾ വീണ്ടെടുക്കാം



പരിസരത്തുള്ള ജലസ്രോതസ്സുകൾ കണ്ടെത്തി സംരക്ഷിക്കേണ്ടത് നമ്മുടെ കൂടി കടമയാണ്. അതിനായുള്ള ഹരിതകേരളം പരിപാടിയിൽ നമ്മുടെ പങ്കാളിത്തം ഉറപ്പാക്കാം.



## മഴവെള്ളം സംഭരിക്കാം

മഴവെള്ളം ഭൂമിയിൽ പതിച്ച് ഒഴുകി തുടങ്ങുമ്പോൾതന്നെ അവിടെ മഴക്കുഴികൾ പോലെയുള്ള നിർമിതികൾ നിർമിച്ച് വെള്ളത്തെ മണ്ണിലേയ്ക്ക് താഴ്ത്താം. മഴവെള്ളമുപയോഗിച്ച് കിണറുകളും കുളങ്ങളും റീചാർജ് ചെയ്യാം.

## മഴക്കുഴി എങ്ങനെ നിർമിക്കാം?



മഴവെള്ളം ഭൂമിയിൽ പതിച്ച് ചാലായി ഒഴുകാൻ തുടങ്ങുന്ന സ്ഥലങ്ങളിൽ ചെറുകുഴികൾ നിർമിച്ചാൽ മതിയാകും. 50 മുതൽ 75 സെന്റീമീറ്റർ താഴ്ചയുള്ള കുഴികളാണ് അഭികാമ്യം. ചതുരാകൃതിയിലും വീതി കുറഞ്ഞ് നീളത്തിലുള്ള ചാലുകളായും മഴക്കുഴി നിർമിക്കാം. അടുത്ത മഴക്കാലത്തെ വരവേൽക്കുന്നതിനായി നമുക്ക് നമ്മുടെ പറമ്പിൽ ആവശ്യമുള്ള മഴക്കുഴികൾ ഇപ്പോൾതന്നെ നിർമിച്ചുതുടങ്ങാം. 15° യിൽ കൂടുതൽ ചരിവുള്ള ഭൂമിയിലും മണ്ണിന്റെ കനം വളരെ കുറഞ്ഞ പ്രദേശങ്ങളിലും മഴക്കുഴി നിർമ്മിക്കരുത്.

## അപ്പോൾ ചരിവ് കൂടിയ സ്ഥലങ്ങളിലോ ?

അവിടെ നമുക്ക് ഭൂമി തട്ടുകളായി തിരിക്കാം. അവിടെത്തന്നെ ലഭ്യമായ കല്ലുകൾ ഉപയോഗിച്ച് കല്ലടുക്കുകൾ നിർമിക്കാം. മരങ്ങൾ വച്ചുപിടിപ്പിക്കാം. മരത്തിന്റെ വേരുകൾ നിറഞ്ഞ മണ്ണിനടിയിലൂടെ വളരെ സാവധാനമേ ജലത്തിന് ഒഴുകാൻ കഴിയൂ. ഇത് ജലസംരക്ഷണത്തിന് സഹായിക്കും.

## കിണർ റീചാർജ് ചെയ്യാം



നമ്മുടെ പുരപ്പുറത്തു പെയ്തുവീഴുന്ന ജലം ഒരു പൈപ്പിലൂടെ ഒഴുക്കിക്കൊണ്ടുവന്ന് കിണറിനടുത്ത് ഒരു കുഴി നിർമിച്ച് അതിലേയ്ക്ക് ശേഖരിച്ച് മണ്ണിൽ താഴ്ത്തുകയോ ഒരു അരിപ്പയിലൂടെ കടത്തിവിട്ട് നേരിട്ട് കിണറിലേയ്ക്ക് റീചാർജ് ചെയ്യുകയോ ചെയ്യാം. പൈപ്പുകൾക്ക് പകരം ഭൂമിയിൽ ചാലുകൾ നിർമ്മിച്ച് അതിലൂടെ ജലം കുഴികളിലെത്തിച്ചും റീചാർജ് ചെയ്യാം.

## നമുക്കും തടയണകൾ നിർമിക്കാമോ?



നീർച്ചാലുകളിലും ചെറുതോടുകളിലും സ്ഥിരമായ നീരൊഴുക്ക് ഉറപ്പാക്കിക്കൊണ്ടുതന്നെ പാഴ്തടികളും മണ്ണും മുളയും കല്ലും ഓലയുമൊക്കെകൊണ്ട് നമുക്ക് താത്കാലിക ചെറുതടയണകൾ നിർമിച്ച് പരമാവധി ജലം ശേഖരിച്ച് നിർത്തി ഭൂജല പരിപോഷണം സാധ്യമാക്കാം.

## നമ്മുടെ ജലസ്രോതസ്സുകൾ മലിനമാക്കരുതേ...

നാം വലിച്ചെറിയുന്ന മാലിന്യങ്ങൾ മിക്കവയും ഏതെങ്കിലും ഒരു ജലസ്രോതസ്സിലായിരിക്കും അവസാനമായി എത്തിച്ചേരുക. അതിനാൽ നമുക്ക് മാലിന്യങ്ങൾ വലിച്ചെറിയാതെ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുകയും, അജൈവ മാലിന്യങ്ങൾ തരം തിരിച്ച് പുനഃചംക്രമണത്തിനായി കൈമാറുകയും ചെയ്യാം. മലിനജലം കെട്ടിക്കിടക്കാതെയും ജലസ്രോതസ്സുകളിലേയ്ക്ക് ഒഴുക്കി വിടാതെയും സോക്പിറ്റുകൾ നിർമ്മിച്ച് അതിലേയ്ക്കായ് റീചാർജ്ജ് ചെയ്യാം. കുളങ്ങളും തോടുകളും പുഴകളും നീരുറവകളും ശുചിയാക്കി നമ്മുടെ സ്വന്തം പൊതുസ്വത്തായി സൂക്ഷിക്കാം.



പ്രസിദ്ധീകരണം
ഹരിതകേരളം മിഷൻ, റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം - 695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in
അച്ചടി: ഗ്രാമലക്ഷ്മി മുദ്രാലയം, കോപ്പി: 20,00,000 സൗജന്യ വിതരണത്തിന്



# ജലമാണ് ജീവൻ

## ഹരിത വീടുകളിലെ ജലസംരക്ഷണം

### മിതവ്യയം ശീലമാക്കി പുതിയൊരു ജല വിനിയോഗ സംസ്കാരം സൃഷ്ടിക്കാം

കേരള സർക്കാർ ഹരിതകേരളം മിഷൻ കുടുംബശ്രീ



പ്രകൃതിയോട്
സമരസപ്പെട്ട്
ഇണങ്ങി
ജീവിക്കുന്ന
വീടുതന്നെയാണ്
ഹരിതവീട്.

## എന്താണ് ഹരിതവീട്

പ്രകൃതി സംശുദ്ധമായും സൗജന്യമായും നമുക്കായി ഒരുക്കിയിരിക്കുന്ന വായുവും ജലവും പച്ചപ്പും കരുതലോടെ ഉപയോഗിച്ച് ഓരോ വീടും യഥാർഥ ഹരിതവീടാക്കാം.

ഹരിതവീട് ജലസ്വയംപര്യാപ്തതക്കായി സാധ്യമായതെല്ലാം ചെയ്യും. മഴവെള്ളം കിണറിലേക്ക് റീചാർജ് ചെയ്യുക, വെള്ളം ആവശ്യത്തിന് മാത്രം ഉപയോഗിക്കുക, വെള്ളത്തെ പുന:രുപയോഗിക്കുക തുടങ്ങിയ കാര്യങ്ങൾ അവിടെ ശ്രദ്ധിക്കും.

അടുക്കള മാലിന്യം സംസ്കരിക്കുന്നതിന് കമ്പോസ്റ്റിങ് സംവിധാനമോ ടോയ്‌ലറ്റ് ബന്ധിത ബയോഗ്യാസ് പ്ലാന്റോ സ്ഥാപിക്കും. മാലിന്യ സംസ്കരണത്തിൽ നിന്നും ലഭിക്കുന്ന ജൈവ വളം കൂടി ഉപയോഗപ്പെടുത്തി ലഭ്യമായ സ്ഥലത്ത് ജൈവകൃഷി നടത്തും. മേൽക്കൂരയിൽ സൗരോർജ വൈദ്യുതോത്പാദന സംവിധാനങ്ങൾ ഒരുക്കും.

## പല്ലുതേക്കുമ്പോൾ മഗ്ഗുമതി

പല്ലുതേക്കുന്നതിനും
ഷേവുചെയ്യുന്നതിനും
കൈകഴുകുന്നതിനും
ടാപ്പിൽ നിന്നും
നേരിട്ട് വെള്ളം
ഉപയോഗിക്കുന്നതിന്
പകരം മഗ്ഗിലോ
ഗ്ലാസിലോ വെള്ളം
ശേഖരിച്ച്
ഉപയോഗിക്കാം.



**ശരാശരി ഉപഭോഗം**
പല്ല്തേപ്പ്/ഷേവ് ചെയ്യൽ
ടാപ്പ് തുറന്നിട്ടാൽ-30 ലിറ്റർ
മഗ്ഗ്-ഒരു ലിറ്റർ

## വേനലിൽ കുളി ഒരു ബക്കറ്റ് വെള്ളത്തിൽ

സത്യമാണ്.
ഒരു ബക്കറ്റ്
വെള്ളത്തിലും
കുളിക്കാനാവും.
വേനൽ കഴിയും
വരെയെങ്കിലും
നമുക്കിത്
തുടരാം.

**കുളി ശരാശരി ജല ഉപഭോഗം**
ഷവർ(5 മിനിറ്റ്)-50 ലിറ്റർ
ബക്കറ്റ്-20 ലിറ്റർ



## കാറും നിലവും കഴുകാൻ ഹോസ് വേണ്ട

കാറ് കഴുകൽ,
അടുക്കളത്തോട്ടം
നനയ്ക്കൽ,
നിലം കഴുകൽ
എന്നിവയ്ക്ക്
ഹോസിന്
പകരം ബക്കറ്റ്
ഉപയോഗിക്കാം.
നനഞ്ഞ
തുണികൊണ്ട്
നിലം
തുടച്ചെടുക്കാം.



**ശരാശരി ഉപഭോഗം**

**ചെടി നനയ്ക്കാൻ**
ഹോസ് (5 മിനിറ്റ്)-50 ലിറ്റർ
വാട്ടറിംഗ് കാൻ-5 ലിറ്റർ

**കാർ കഴുകാൻ**
ഹോസ്(10 മിനിറ്റ്) -100 ലിറ്റർ
ബക്കറ്റ്-20 ലിറ്റർ

**നിലം കഴുകൽ (150-200 ച.മീ.)**
ഹോസ്-200 ലിറ്റർ
ബക്കറ്റ്-15 ലിറ്റർ





## അടുക്കളയിൽ ഉപയോഗിച്ച വെള്ളം പാഴാക്കല്ലേ

ധാന്യങ്ങൾ, പച്ചക്കറി,
മൽസ്യം, മാംസം
മുതലായവ
കഴുകിയ വെള്ളം
(കഞ്ഞിവെള്ളം
ഉൾപ്പെടെ)
അടുക്കളത്തോട്ടം
നനയ്ക്കാൻ
ഉപയോഗിക്കാം.
വളവുമായി
ജലസംരക്ഷണവുമായി.

## ചോർച്ച കണ്ടെത്തി തടയാം

ടാപ്പ്, ഫ്ളഷ്, ഷവർ
തുടങ്ങിയവയിലൂടെ
വെള്ളം ചോരുന്നത്
പലപ്പോഴും
ശ്രദ്ധയിൽപ്പെടാതെ പോവും.
അതുവഴിയുണ്ടാവുന്ന
ജലനഷ്ടം ചില്ലറയല്ല.
ഈ വേനലിൽ
നമ്മുടെ വീട്ടിൽ
ഒരു തുള്ളി വെള്ളവും
ചോരുന്നില്ലെന്ന്
ഉറപ്പാക്കാൻ
ജാഗ്രത പാലിക്കാം.



